പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *449 — 21/07/2015 ൽ മറുപടിക്ക്

## സംയോജിത കന്നുകാലി വികസന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ.ആർ. സെൽവരാജ്<br>ശ്രീ. വി.ഡി സതീശൻ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. കെ.പി.മോഹനൻ<br>കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി |
| എ) സംയോജിത കന്നുകാലി വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന വ്യക്തമാക്കാമോ; | എ) 2011 -12 സാമ്പത്തിക വർഷം സംയോജിത കന്നുകാലി വികസന പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കിയിരുന്നു. |
| ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ; | ബി) സംസ്ഥാനത്ത് 7740 കർഷകർക്ക് ഒരു ഗർഭിണി കിടാരി, 2 ആട്, 10 കോഴി എന്നിവ 50% സബ്സിഡിയിൽ വിതരണം ചെയ്തു ഈ പദ്ധതിയിൽ 40 കോടി രൂപ വിനിയോഗിക്കപ്പെട്ടു. 25000 രൂപയുടെ വീതം ആനുകൂല്യം ഓരോ ഗുണഭോക്താവിനും ലഭിച്ചു. എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കി. ഇതിലൂടെ 308 ലക്ഷം ലിറ്റർ പാലും, 136.8 ലക്ഷം മുട്ടയും സംസ്ഥാനത്ത് പ്രതിവർഷം അധികമായി ഉല്പാദിപ്പിക്കപ്പെടാൻ ഉദ്ദേശിച്ചാണ് പദ്ധതി ആവിഷ്കരിച്ചത്. 20 കോടി രൂപ ധനസഹായമായി നൽകിയ ഈ പദ്ധതിയിൽ 10 കോടി രൂപ കേന്ദ്ര ധനസഹായമായും 10 കോടി രൂപ സംസ്ഥാന പദ്ധതിവിഹിതത്തിൽ നിന്നുമാണ് വിനിയോഗിച്ചത്. |

| | | | |
|---|---|---|---|
| സി) | ഈ പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നതെന്നു വ്യക്തമാക്കാമോ; | സി) | മൃഗസംരക്ഷണ മേഖലയിലെ കർഷകരാണ് ഗുണഭോക്താക്കൾ. നിലവിൽ പശുക്കളെ വളർത്തുന്നവർക്കും തീറ്റപ്പുൽ കൃഷി ചെയ്യാൻ തയ്യാറുള്ളവർക്കും പ്രാമുഖ്യം നൽകിയാണ് പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതി മൃഗസംരക്ഷണ വകുപ്പ് ബാങ്ക് വായ്പയിലൂടെയാണ് നടപ്പിലാക്കിയത്. |
| ഡി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | ഡി) | 2011- 12 സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പിന്റെ സംസ്ഥാന പദ്ധതിവിഹിതമായ 10 കോടി രൂപയും കേന്ദ്ര സർക്കാരിന്റെ ഒറ്റത്തവണ അധിക കേന്ദ്രസഹായമായ 10 കോടി രൂപയും ലഭ്യമാക്കി പദ്ധതി നടപ്പിലാക്കി. |

സെക്ഷൻ ഓഫീസർ